"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൃഗസംരക്ഷണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും കാസറഗോഡ് ആർ.എ.എച്ച്.സിയിൽ നിന്ന് ജീവനക്കാരെ പുനർവിന്യസിയ്ക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**മൃഗസംരക്ഷണ (ജി) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/AHD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-

1. 20/04/2005-ലെ സ.ഉ (സാധാ) നം.624/2005/എ.ഡി.
2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 28/03/2006-ലെ ബി3.9380/2006/ആസ്ഥ നമ്പർ നടപടി ക്രമം.
3. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 07/08/2025-ലെ AHD/4831/2024-ബി2 നമ്പർ കത്ത്.
4. 15/10/2025-ലെ സ.ഉ (സാധാ) 42/2025/എ.എച്ച്.ഡി.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ മൃഗസംരക്ഷണ പരിശീലനകേന്ദ്രം (LMTC) നിർമ്മിയ്ക്കുന്നതിന് 2005-2006 സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനായി പൊതുമരാമത്ത് വകുപ്പിന് 4403-109-97 പ്ലാൻ എന്ന ശീർഷകത്തിൽ 7.5 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ഒരു ട്രെയിനിംഗ് ഹാൾ, ഓഫീസ് റൂം, 2 ശുചിമുറികൾ, വരാന്ത ഉൾപ്പെടുന്ന ഒറ്റനില കെട്ടിടത്തിന്റെ നിർമ്മാണം 2009 ജൂൺ മാസത്തിൽ പൂർത്തീകരിച്ചു. കെട്ടിടം വൈദ്യുതീകരിച്ച് 2011-ൽ ഫർണിച്ചർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയെങ്കിലും, ആവശ്യത്തിന് ജീവനക്കാരുടേയും പ്രവർത്തനത്തിനുള്ള ഫണ്ടിന്റേയും അഭാവം കാരണം ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നില്ല. മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കണമെന്നാവശ്യപ്പെട്ട് 2016-ൽ ബഹു.തൃക്കരിപ്പൂർ എം.എൽ.എ ശ്രീ.എം.രാജഗോപാലൻ ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആരായുകയുണ്ടായി. തുടർന്ന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ, പ്രാരംഭ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ തുക എന്നിവ ഉൾപ്പെടുത്തി ജില്ലാ മൃഗസംരക്ഷണ ഓഫീസർ തയ്യാറാക്കിയ വിശദമായ പ്രോപ്പോസൽ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശിപാർശ സഹിതം സർക്കാരിൽ സമർപ്പിച്ചു.

2) മൃഗസംരക്ഷണ പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിയ്ക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത കെട്ടിടവും പരിശീലന ഹാളും, നീലേശ്വരം നഗരസഭയുടെ കൗൺസിലുകൾ ചേരുന്നതിനും മറ്റും ഉപയോഗിച്ച് വന്നിരുന്നു എന്നും, എന്നാൽ നഗരസഭയ്ക്കായി പണികഴിപ്പിച്ച പുതിയ കെട്ടിടത്തിലേയ്ക്ക് നഗരസഭ ഓഫീസ് മാറ്റിയതിനാൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിനായി പണികഴിപ്പിച്ച കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉപയോഗ ശൂന്യമായി കിടക്കുകയായിരുന്നു എന്നും, കോവിഡ് 19-ന് ശേഷം നൂറുകണക്കിന് ആളുകളാണ് ടി ജില്ലയിൽ മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നു വന്നിട്ടുള്ളത് എന്നും, അവർക്ക് മതിയായ പരിശീലനം നൽകുന്നതിന് വകുപ്പിന് കാസറഗോഡ് ജില്ലയിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ലെന്നും, കോവിഡ് മഹാമാരി അതിജീവിച്ച നിന്ന ഏക തൊഴിൽ മേഖല എന്ന പ്രത്യേകതയുള്ള മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നുവരുന്ന കർഷകർക്ക് പരിശീലനം നൽകേണ്ടത് ടി മേഖലയുടെ സുസ്ഥിര വികസനത്തിന് പരമപ്രധാനമാണെന്നും പരാമർശം (3) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3) നീലേശ്വരം മൃഗാശുപത്രി വളപ്പിൽ LMTC-യ്ക്ക് അനുയോജ്യമായ കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ തയ്യാറായിട്ടുള്ളതിനാൽ, ആവശ്യമായ ജീവനക്കാരെ കാസറഗോഡ് ആർ.എ.എച്ച്.സിയിൽ നിന്നും പുനർവിന്യസിച്ചാൽ പുതുതായി LMTC നീലേശ്വരം എന്ന

സ്ഥാപനം യാഥാർത്ഥ്യമാകുകയും, ആയത് ജില്ലയിലെ കർഷകർക്ക് സൗകര്യപ്രദമാകുകയും മൃഗസംരക്ഷണ വകുപ്പിന് മുതൽക്കൂട്ടാകുകയും ചെയ്യും. കൂടാതെ കാസറഗോഡ്, കാഞ്ഞങ്ങാട് ആർ.എ.എച്ച്.സികളെ സംയോജിപ്പിക്കുന്നതിലൂടെ കാഞ്ഞങ്ങാട് ആർ.എ.എച്ച്.സിയുടെ കീഴിലുള്ള സബ്സെന്ററുകളുടെ എണ്ണം 58 ആയി ഉയർന്ന്, കാഞ്ഞങ്ങാട് ആർ.എ.എച്ച്.സി-യിലെ ജോലിഭാരം വർദ്ധിക്കുമെങ്കിലും, നിലവിലെ സാഹചര്യത്തിൽ കാഞ്ഞങ്ങാട് ആർ.എ.എച്ച്.സി മുഖേന 2 സ്ഥാപനങ്ങളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയും. കാസറഗോഡ് ആർ.എ.എച്ച്.സിയിലെ തസ്തികകളായ 1 അസിസ്റ്റന്റ് ഡയറക്ടർ, 2 ഫീൽഡ് ഓഫീസർ തസ്തികകളിൽ 1 എണ്ണം, 1 ക്ലാർക്ക്, 1 അറ്റന്റന്റ്, 1 നൈറ്റ് വാച്ചർ എന്നീ തസ്തികകൾ കാസറഗോഡ് ബേഡഡുക്ക ആട് ഫാമിലേയ്ക്ക് പുനർവിന്യസിച്ച് സർക്കാർ പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) കാസറഗോഡ് ആർ.എ.എച്ച്.സിയിലെ ശേഷിക്കുന്ന തസ്തികകളായ ഫീൽഡ് ഓഫീസർ-1, ക്ലാർക്ക് ടൈപ്പിസ്റ്റ്-1, ഡ്രൈവർ-1, പാർട്ട്-ടൈം സ്വീപ്പർ-1 എന്നിവ, പുതുതായി ആരംഭിക്കുന്ന നീലേശ്വരം LMTC-യിലേക്ക് പുനർവിന്യസിക്കുന്നതിലൂടെ, കാസറഗോഡ് ആർ.എ.എച്ച്.സി പ്രവർത്തനരഹിതമാകുമെങ്കിലും, കർഷകർക്കും മൃഗസംരക്ഷണ മേഖലയ്ക്കും കൂടുതൽ പ്രയോജനകരമായി രണ്ടു പുതിയ സ്ഥാപനങ്ങൾ ജില്ലയിൽ നിലവിൽ വരും. കാസറഗോഡ് പുതുതായി ഒരു LMTC പ്രവർത്തനക്ഷമമാകുമ്പോൾ, ജില്ലയിലെ കർഷകർക്കും ജില്ലയിലെ വകുപ്പ് ജീവനക്കാർക്കും, സ്വന്തം ജില്ലയിൽ തന്നെ പരിശീലനപരിപാടികളിൽ പങ്കെടുക്കുന്നതിനും, പ്രവർത്തനം ആരംഭിച്ച ബേഡഡുക്കയിൽ മാതൃകാ ആട് ഫാം മുഖേന കർഷകരുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുവാനും, അതിലൂടെ മൃഗസംരക്ഷണ മേഖലയെ കൂടുതൽ ജനോപകാരപ്രദമാക്കുവാനും സാധിക്കും.

5) നീലേശ്വരം LMTC യുടെ പ്രവർത്തനം ആരംഭിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ലാത്തതിനാൽ, ആവശ്യമായ തസ്തികകൾ പുനർവിന്യാസത്തിലൂടെ കണ്ടെത്താവുന്നതാണെന്നും, മറ്റ് ജില്ലകളിലെല്ലാം ഡിസ്ട്രിക്ട് കോർഡിനേറ്ററുടെ ചുമതല അതാത് ചീഫ് വെറ്ററിനറി ഓഫീസർമാരാണ് നിർവ്വഹിച്ചു വരുന്നത് എന്നതിനാൽ, നീലേശ്വരം LMTC-യിലേയ്ക്ക് DDO ആയി കാസർഗോഡ് ADCP-യിലെ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തിക പുനർവിന്യസിക്കുന്നത് ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുകയില്ലെന്നും പരാമർശം (3) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെപ്പറയുന്ന പട്ടികയിൽ പറയും പ്രകാരം, കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതുതായി നീലേശ്വരം LMTC എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു:-

| ക്രമ നം. | തസ്തിക | എണ്ണം | പുനർവിന്യസിക്കാനായി തസ്തികകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ | പുനർവിന്യാസം അനുവദിക്കേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ | 1 | ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ, എ.ഡി.സി.പി, കാസറഗോഡ്. | നീലേശ്വരം LMTC, കാസറഗോഡ് ജില്ല. |
| 2 | ഫീൽഡ് ഓഫീസർ | 1 | കാസറഗോഡ് ആർ.എ.എച്ച് .സി. | |
| 3 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 | | |
| 4 | ഡ്രൈവർ | 1 | | |
| 5 | പാർട്ട്-ടൈം സ്വീപ്പർ | 1 | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കാസറഗോഡ്.

അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ പരിശീലന കേന്ദ്രം, നീലേശ്വരം, കാസറഗോഡ്.
പൊതുഭരണ (SC) വകുപ്പ് (24/02/2026-ലെ ഇനം നമ്പർ 3725 പ്രകാരം).
ധനകാര്യ വകുപ്പ് (ധനകാര്യ അഗ്രി-ബി വകുപ്പിന്റെ 11.11.2025-ലെ 3267419/Agri-B1/406/2025-FIN നമ്പർ അനൗദ്യോഗിക കുറിപ്പ്).
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

91

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2026

ഫയൽ നം. ജി2/74/2025/എ.എച്ച്. ഇനം നം: 3725

വിഷയം : മൃഗസംരക്ഷണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ (LMTC) പ്രവർത്തനം ആരംഭിയ്ക്കുന്നതിന് കാസറഗോഡ് ആർ.എ.എച്ച്.സി.-യിൽ നിന്ന് തസ്തികകൾ പുനർവിന്യസിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

25/2

77

3725

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ജി2/74/2025-എ.എച്ച് |
| 2 | വകുപ്പ് | : | മൃഗസംരക്ഷണ (ജി) വകുപ്പ് |
| 3 | വിഷയം | : | മൃഗസംരക്ഷണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ (LMTC) പ്രവർത്തനം ആരംഭിയ്ക്കുന്നതിന് കാസറഗോഡ് ആർ.എ.എച്ച്.സിയിൽ നിന്ന് തസ്തികകൾ പുനർവിന്യസിച്ച് കാസറഗോഡ് നീലേശ്വരം LMTC യിലേക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18/12/2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ഷിബു.എ.റ്റി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.മിൻഹാജ് ആലം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/02/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. ജെ. ചിഞ്ചുറാണി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20/02/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20/02/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

1) കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ (LMTC) പ്രവർത്തനം ആരംഭിയ്ക്കുന്നതിന് കാസറഗോഡ് ആർ.എ.എച്ച്.സിയിൽ നിന്ന് തസ്തികകൾ പുനർവിന്യസിച്ച് കാസറഗോഡ് നീലേശ്വരം LMTC-യിലേക്ക് നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) നീലേശ്വരം മൃഗാശുപത്രി വളപ്പിൽ മൃഗസംരക്ഷണ പരിശീലനകേന്ദ്രം നിർമ്മിക്കുന്നതിന് 2005-2006 സാമ്പത്തിക വർഷം 20/04/2005-ലെ സ.ഉ (സാധാ) നം.624/2005/എ.ഡി പ്രകാരം ഭരണാനുമതി നൽകി. അതിനായി പൊതുമരാമത്ത് വകുപ്പിന് 4403-109-97 പ്ലാൻ എന്ന ശീർഷകത്തിൽ 7.5 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു. ഒരു ട്രെയിനിംഗ് ഹാൾ, ഓഫീസ് റൂം, 2 ശുചിമുറികൾ, വരാന്ത ഉൾപ്പെടുന്ന ഒറ്റ നില കെട്ടിടത്തിന്റെ നിർമ്മാണം 2009 ജൂൺ മാസത്തിൽ പൂർത്തീകരിച്ചു. കെട്ടിടം വൈദ്യുതീകരിച്ച് 2011-ൽ ഫർണിച്ചർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയെങ്കിലും ആവശ്യത്തിന് ജീവനക്കാരുടേയും പ്രവർത്തനത്തിനുള്ള ഫണ്ടിന്റേയും അഭാവം കാരണം ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കണമെന്നാവശ്യപ്പെട്ട് 2016-ൽ, ബഹു. തൃക്കരിപ്പൂർ എം.എൽ.എ ശ്രീ. എം. രാജഗോപാലൻ ബഹു. വകുപ്പ് മന്ത്രിക്ക് നിവേദനം സമർപ്പിച്ചു. പ്രസ്തുത നിവേദനത്തിൻമേൽ സർക്കാർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. തുടർന്ന്, ആവശ്യമായ സ്റ്റാഫ് പാറ്റേൺ, പ്രാരംഭ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ തുക എന്നിവ ഉൾപ്പെടുത്തി ജില്ലാമൃഗസംരക്ഷണ ഓഫീസർ തയ്യാറാക്കിയ വിശദമായ പ്രോപ്പോസൽ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ശിപാർശ സഹിതം സർക്കാരിൽ ലഭിച്ചു.

3) മൃഗസംരക്ഷണ പരിശീലന കേന്ദ്രം ആരംഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കെട്ടിടവും പരിശീലന ഹാളും, നീലേശ്വരം നഗരസഭയുടെ കൗൺസിലുകൾ ചേരുന്നതിനും മറ്റും ഉപയോഗിച്ച് വന്നിരുന്നു എന്നും, എന്നാൽ നഗരസഭയ്ക്കായി പണികഴിപ്പിച്ച പുതിയ

കെട്ടിടത്തിലേയ്ക്ക് നഗരസഭ ഓഫീസ് മാറ്റിയതിനാൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിനായി പണികഴിപ്പിച്ച കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഉപയോഗ ശൂന്യമായി കിടക്കുകയായിരുന്നു എന്നും, കോവിഡ് 19-ന് ശേഷം നൂറുകണക്കിന് ആളുകളാണ് ടി ജില്ലയിൽ മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നു വന്നിട്ടുള്ളത് എന്നും, അവർക്ക് മതിയായ പരിശീലനം നൽകുന്നതിന് വകുപ്പിന് കാസറഗോഡ് ജില്ലയിൽ പരിശീലന കേന്ദ്രങ്ങൾ ഇല്ലെന്നും, കോവിഡ് മഹാമാരി അതിജീവിച്ച് നിന്ന ഏക തൊഴിൽ മേഖല എന്ന പ്രത്യേകതയുള്ള മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നുവരുന്ന കർഷകർക്ക് പരിശീലനം നൽകേണ്ടത് ടി മേഖലയുടെ സുസ്ഥിര വികസനത്തിന് പരമപ്രധാനമാണെന്നും ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്.

4) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ LMTC ഇല്ലാത്ത ജില്ലയായ കാസറഗോഡ്, ഉപജീവനത്തിനായി മൃഗസംരക്ഷണ മേഖലയെ ആശ്രയിക്കുന്ന ധാരാളം കർഷകർ ഉണ്ട്. അവർക്ക് 100 കി.മീ അകലെയുള്ള കണ്ണൂർ LMTC, 180 കി.മീ അകലെയുള്ള കോഴിക്കോട് LMTC, 206 കി.മീ അകലെയുള്ള സുൽത്താൻ ബത്തേരി LMTC എന്നിവ മുഖേന ആണ് നിലവിൽ പരിശീലനം നൽകുവാൻ സാധിക്കുന്നത്. നീലേശ്വരം മൃഗാശുപത്രി വളപ്പിൽ ഇപ്പോൾ LMTC-ക്ക് അനുയോജ്യമായ കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ തയ്യാറാണ് എന്നതിനാൽ ആവശ്യമായ ജീവനക്കാരെ കാസറഗോഡ് ആർ.എ.എച്ച്.സിയിൽ നിന്നും പുനർവിന്യസിച്ചാൽ പുതുതായി LMTC നീലേശ്വരം എന്ന സ്ഥാപനം യാഥാർത്ഥ്യമാകുകയും, ആയത് ജില്ലയിലെ കർഷകർക്ക് സൗകര്യപ്രദമാകുകയും മൃഗസരക്ഷണ വകുപ്പിന് മുതൽക്കൂട്ടാകുകയും ചെയ്യും.

5) കാസറഗോഡ്, കാഞ്ഞങ്ങാട് ആർ.എ.എച്ച്.സികളെ സംയോജിപ്പിയ്ക്കുന്നതിലൂടെ കാഞ്ഞങ്ങാട് ആർ.എ.എച്ച്.സിയുടെ കീഴിലുള്ള സബ്സെന്ററുകളുടെ എണ്ണം 58 ആയി ഉയർന്ന്, കാഞ്ഞങ്ങാട് ആർ.എ.എച്ച്.സി-യിലെ ജോലിഭാരം വർദ്ധിയ്ക്കുമെങ്കിലും, നിലവിലെ സാഹചര്യത്തിൽ കാഞ്ഞങ്ങാട് ആർ.എ.എച്ച്.സി മുഖേന 2 സ്ഥാപനങ്ങളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പ്രവർത്തിപ്പിയ്ക്കുവാൻ കഴിയും. കാസറഗോഡ് ആർ.എ.എച്ച്.സിയിലെ തസ്തികകളായ 1അസിസ്റ്റന്റ് ഡയറക്ടർ, 2 ഫീൽഡ് ഓഫീസർ തസ്തികകളിൽ 1എണ്ണം, 1 ക്ലാർക്ക്, 1 അറ്റന്റന്റ്, 1 നൈറ്റ് വാച്ചർ എന്നീ തസ്തികകൾ കാസറഗോഡ്

ബേഡഡുക്ക ആട് ഫാമിലേയ്ക്ക് പുനർവിന്യസിച്ച് സർക്കാർ 15/10/2025-ലെ സ.ഉ (സാധാ) 42/2025/എ.എച്ച്.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്.

6) കാസറഗോഡ് ആർ.എ.എച്ച്.സിയിലെ ശേഷിയ്ക്കുന്ന തസ്തികകളായ 1 ഫീൽഡ് ഓഫീസർ, 1 ക്ലാർക്ക് ടൈപ്പിസ്റ്റ്, 1 ഡ്രൈവർ, 1 പാർട്ട്-ടൈം സ്വീപ്പർ എന്നിവ, പുതുതായി ആരംഭിയ്ക്കുന്ന നീലേശ്വരം LMTC-യിലേക്ക് പുനർവിന്യസിയ്ക്കുന്നതിലൂടെ, കാസറഗോഡ് ആർ.എ.എച്ച്.സി പ്രവർത്തനരഹിതമാകുമെങ്കിലും, കർഷകർക്കും മൃഗസംരക്ഷണ മേഖലയ്ക്കും കൂടുതൽ പ്രയോജനകരമായി രണ്ടു പുതിയ സ്ഥാപനങ്ങൾ ജില്ലയിൽ നിലവിൽ വരും. കാസറഗോഡ് പുതുതായി ഒരു LMTC പ്രവർത്തനക്ഷമമാകുമ്പോൾ, ജില്ലയിലെ കർഷകർക്കും ജില്ലയിലെ വകുപ്പ് ജീവനക്കാർക്കും, സ്വന്തം ജില്ലയിൽ തന്നെ പരിശീലനപരിപാടികളിൽ പങ്കെടുക്കുന്നതിനും, പ്രവർത്തനം ആരംഭിച്ച ബേഡഡുക്കയിൽ മാതൃകാ ആട് ഫാം മുഖേന കർഷകരുടെ സംരംഭകത്വശേഷി വർദ്ധിപ്പിയ്ക്കുവാനും, അതിലൂടെ മൃഗസംരക്ഷണ മേഖലയെ കൂടുതൽ ജനോപകാരപ്രദമാക്കുവാനും സാധിയ്ക്കുമെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) നീലേശ്വരത്ത് LMTC ആരംഭിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ നിർവ്വാഹമില്ലാത്തതിനാൽ, ആവശ്യമായ തസ്തികകൾ പുനർവിന്യാസത്തിലൂടെ കണ്ടെത്താവുന്നതാണെന്നും, മറ്റ് ജില്ലകളിലെല്ലാം ഡിസ്ട്രിക്ട് കോർഡിനേറ്ററുടെ ചുമതല അതാത് ചീഫ് വെറ്ററിനറി ഓഫീസർമാരാണ് നിർവ്വഹിച്ചു വരുന്നത് എന്നതിനാൽ, നീലേശ്വരം LMTC-യിലേയ്ക്ക് DDO ആയി കാസർഗോഡ് ADCP-യിലെ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തിക പുനർവിന്യസിക്കുന്നത് ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിയ്ക്കുകയില്ലെന്നും, കാസർഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രിയോടനുബന്ധിച്ച് മൃഗസംരക്ഷണ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകണമെന്നുമുള്ള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ശിപാർശയിൻമേൽ ധനകാര്യ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം നൽകി:-

***'കാസറഗോഡ് നീലേശ്വരം LMTC ആരംഭിക്കുന്നതിനു തത്വത്തിലുള്ള ക്യാബിനറ്റ് അംഗീകാരം ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ***

ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ LMTC-ലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ ചുവടെ രേഖപ്പെടുത്തും വിധം പുനർവിന്യസിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം | പുനർവിന്യസിക്കാനായി തസ്തികകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ | പുനർവിന്യാസം അനുവദിക്കേണ്ട സ്ഥാപനങ്ങൾ |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ | 1 | ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ, എ.ഡി.സി.പി, കാസറഗോഡ് | നീലേശ്വരം LMTC |
| 2 | ഫീൽഡ് ഓഫീസർ | 1 | കാസറഗോഡ് ആർ.എ.എച്ച്.സി | |
| 3 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 | | |
| 4 | ഡ്രൈവർ | 1 | | |
| 5 | പാർട്ട്-ടൈം സ്വീപ്പർ | 1 | | |

ഇതിന് ഉന്നതാധികാരിയുടെ അംഗീകാരമുണ്ട്".

8) കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ നീലേശ്വരം LMTC-ക്ക് ആവശ്യമുള്ള ജീവനക്കാരെ മുകളിലെ ധനകാര്യ വകുപ്പ് നൽകിയിരിക്കുന്ന പട്ടിക പ്രകാരം പുനർവിന്യസിക്കുന്നതിന് അനുമതി നൽകുവാൻ മന്ത്രിസഭയുടെ തത്ത്വത്തിലുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിയ്ക്കുന്നതിനായി, ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം കുറിപ്പ് സമർപ്പിച്ചപ്പോഴുള്ള ചീഫ് സെക്രട്ടറിയുടെ ഉത്തരവ് ചുവടെ കണ്ടാലും:-

"2005-2006 സാമ്പത്തിക വർഷം കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന് 20.04.2005-ലെ സ.ഉ (സാധാ) നം. 624/2005/എ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതായി മന്ത്രിസഭാകുറിപ്പിലെ രണ്ടാം

*ഖണ്ഡികയിൽ പറയുന്നു. ഒരിക്കൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വീണ്ടും ഭരണാനുമതി തേടുന്നതിനുള്ള കാരണം വ്യക്തമാക്കിയും 20.04.2005-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഫയലിൽ ചേർത്തും മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുക."*

9) മുൻ ഖണ്ഡികയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് പുതുക്കി സമർപ്പിച്ചപ്പോഴുള്ള ചീഫ് സെക്രട്ടറിയുടെ ഉത്തരവ് ചുവടെ കണ്ടാലും:-

**'കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ മൃഗംരക്ഷണ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന് 20/4/2005-ലെ സ.ഉ (സാധാ) നം. 624/2005/എ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ പുതുതായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതില്ലെന്ന ഭരണ വകുപ്പിന്റെ അഭിപ്രായത്തിൻമേലും, ജീവനക്കാരെ പുനർവിന്യസിക്കുന്ന കാര്യത്തിൽ തത്വത്തിൽ തീരുമാനമെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽ കൂടി ലഭ്യമാക്കി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുക.'**

10) ചീഫ് സെക്രട്ടറിയുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ചുവടെപ്പറയും പ്രകാരം ടി വകുപ്പ് അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:-

*"കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി മൃഗസംരക്ഷണ പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിനും ടി സ്ഥാപനത്തിലേയ്ക്കായി ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുമുള്ള അനുമതിയാണ് മുൻ റിമാർക്സിലൂടെ ധനവകുപ്പ് രേഖപ്പെടുത്തിയിരുന്നത് . അപ്രകാരം അനുയോജ്യ രീതിയിൽ കുറിപ്പുകൾ തയ്യാറാക്കി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു ."*

11) മേൽ സാഹചര്യത്തിൽ കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ നീലേശ്വരം LMTC-ക്ക് ആവശ്യമുള്ള ജീവനക്കാരെ ഈ കുറിപ്പിലെ, ഖണ്ഡിക 7-ലെ ധനകാര്യ വകുപ്പ് നൽകിയിരിക്കുന്ന പട്ടിക പ്രകാരം പുനർവിന്യസിക്കുന്നതിന് മന്ത്രിസഭയുടെ

അനുമതിക്കായി വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിയ്ക്കുന്നതിന്, ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം ഈ പുതുക്കിയ കുറിപ്പ് സമർപ്പിയ്ക്കുന്നു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഈ കുറിപ്പിലെ ഖണ്ഡിക 7-ലെ പട്ടികയിൽ പറയും പ്രകാരം 'കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ പുതിയ മൃഗസംരക്ഷണ പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിനും, ടി സ്ഥാപനത്തിലേയ്ക്ക് കാസറഗോഡ് ആർ.എ.എച്ച്.സിയിൽ നിന്ന് ജീവനക്കാരെ നീലേശ്വരം LMTC-യിലേക്ക് പുനർവിന്യസിക്കുന്നതിനും അനുമതി നൽകുമോ?

91

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. | File No. | G2/74/2025-AH |
| 2. | Department | Animal Husbandry (G) Department |
| 3. | Subject | Animal Husbandry Department – Redeployment of staff to the newly established Livestock Management Training Centre (LMTC) at Nileshwaram Veterinary Hospital premises, in Kasaragod district. |
| 4. | Date of Chief Minister's Order for placing before the Council | 18/12/2025 |
| 5. | (i) Does the case involved financial commitments/implications<br><br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporaed in the Council Note | Yes<br><br>Yes |
| 6. | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council ? | No |
| 7. | Name of Additional Secretary who submitted the Draft Note | Sri.Shibu.A.T |
| 8. | Name of Additional Chief Secretary who approved the Draft Note | Sri.Minhaj Alam |
| 9. | Date of approval of Draft Note for the Council by the Additional Chief Secretary | 10/02/2026 |
| 10. | Name of Chief Secretary who approved the Draft Note | Dr.A.Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 19/02/2026 |
| 12. | Name of Minister who approved the Draft Note | Smt. J. Chinchu Rani |
| 13. | Date of approval of the Draft Note for the Council by the Minister | 20/02/2026 |
| 14. | Date of submission of fair copies | 20/02/2026 |
| 15. | Date of decision by the Council of Ministers | |
| 16. | Number and date of the G.O/letter communicating the decision | |

# NOTE FOR THE COUNCIL OF MINISTERS

1) This note pertains to the redeployment of staff to the newly established Livestock Management Training Centre (LMTC) at the Nileshwaram Veterinary Hospital premises in Kasaragod District.

2) Administrative Sanction was accorded in 2005-2006 vide G.O (Rt) No.624/2005/AD dated 20/04/2005 for the setting up of a new LMTC in the premises of the District Veterinary Hospital, Neeleswaram. An amount of Rs.7.5 Lakhs was provided for the purpose under the Head of Account 4403-109-97 Plan. Construction of a one storeyed building with one Training Hall, One Office room, Two Washrooms and Veranda was completed in June 2009. The building was electrified and furniture provided in 2011. However, the functioning of the facility could not be started due to lack of staff and funds. In 2016, Hon'ble MLA of Trikkaripur submitted a petition to Hon'ble Minister (Animal Husbandry Department) requesting that the functioning of the LMTC should be started immediately. Government called for the report of DAH on the petition and the DAH submitted a proposal recommending the required staff pattern and funds for the starting of the LMTC.

3) The Director reported that the building and Training Hall was being used by Neelswaram Municipality to hold Council meetings and later on the Municipality moved these activities to their new building and therefore the building of the proposed new LMTC is now lying idle. After the Covid-19 Pandemic hundreds of people in Kasaragod came into the Livestock Sector and at present there are no Training Centres in the District to give them Training. The Sector survived the Covid epidemic and giving training to the new entrants is very critical for the sustained development of the Sector.

4) There are numerous farmers in Kasaragod district who depend on the Livestock Sector for their livelihood. No LMTC is available in the

District at present. The farmers have to either go to Kannur LMTC which is 100 KM away or Kozhikode LMTC which is 180 Km away or to Sulthan Bathery LMTC which is 206 KM away where their training is arranged at present. Since necessary infrastructure and other facilities are now available at the Neeleswaram Veterinary Hospital premises now, starting its functioning by providing necessary staff and funds would make the LMTC a reality and it will an asset to the Department and helpful to the farmers.

5) Eventhough the workload in the Sub-Centers of Kanjangad RAHC would increase, when the number of Sub-Centers under Kanjangad RAHC increases to 58, the functioning of both Kasaragod and Kanjangad RAHCs can be co-ordinated from the Kanjangad RAHC. In G.O (Rt) 42/2025/AHD dated 15.10.2025 1 post of Assistant Director, 1 of 2 Field Officer posts, 1 Clerk post, 1 Attendant post and 1 Night Watcher post were shifted from Kasargod RAHC to Bedadukka Goat farm.

6) When the remaining post of Field Officer, Clerk Typist, Driver and Part Time Sweeper at the Kasaragod RAHC are redeployed to the proposed new Neeleswaram LMTC, the Kasaragod RAHC would cease to exist. However 2 new institutions would be created in the District which would be useful for the farmers and boost the Animal Husbandry Sector in the district. The proposed new LMTC would enable the farmers and employees of Animal Husbandry Department in the District to participate in the training events in their home district. In addition, the Director reports that starting of the High Tech Goat Farm would increase the capacity of the entrepreneurs in the Animal Husbandry Sector in the District.

7) The Director reported that since creation of new posts for the LMTC Neelswaram is not possible at present, the necessary staff can be obtained through redeployment. Since the responsibilities of District Co-Ordinator in other Districts are borne by the Chief Veterinary Officer of the

district, the redeployment of Assistant Director ADCP, Kasaragod to the proposed LMTC at Neeleswaram will not affect the functioning of that institution. When the above recommendation of Director of Animal Husbandry Department was forwarded to Finance Department, that Department remarked as follows:-

*'കാസറഗോഡ് നീലേശ്വരം LMTC ആരംഭിക്കുന്നതിനു തത്വത്തിലുള്ള ക്യാബിനറ്റ് അംഗീകാരം ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ LMTC-ലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ ചുവടെ രേഖപ്പെടുത്തും വിധം പുനർവിന്യസിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

| ക്രമ നം. | തസ്തിക | എണ്ണം | പുനർവിന്യസിക്കാനായി തസ്തികകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ | പുനർവിന്യാസം അനുവദിക്കേണ്ട സ്ഥാപനങ്ങൾ |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ | 1 | ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ, എ.ഡി.സി.പി കാസറഗോഡ് | നീലേശ്വരം LMTC |
| 2 | ഫീൽഡ് ഓഫീസർ | 1 | കാസറഗോഡ് ആർ.എ.എച്ച്.സി | |
| 3 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 | | |
| 4 | ഡ്രൈവർ | 1 | | |
| 5 | പാർട്ട-ടൈം സ്വീപ്പർ | 1 | | |

*ഇതിന് ഉന്നതാധികാരിയുടെ അംഗീകാരമുണ്ട്'.*

8) When the note was submitted as per the order of the Chief Minister to get in-principle approval of the Cabinet for the re-deployment of staff required for the new Neeleswaram LMTC at Neeleswaram Veterinary Hospital premises in Kasaragod district as per the list provided by the Finance Department, the Chief Secretary ordered as follows: -

*"2005-2006 സാമ്പത്തിക വർഷം കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ മൃഗസംരക്ഷണ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന്*

*20.04.2005-ലെ സ.ഉ ( സാധാ) നം. 624/2005/എ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതായി മന്ത്രിസഭാകുറിപ്പിലെ രണ്ടാം ഖണ്ഡികയിൽ പറയുന്നു. ഒരിക്കൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വീണ്ടും ഭരണാനുമതി തേടുന്നതിനുള്ള കാരണം വ്യക്തമാക്കിയും 20.04.2005-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഫയലിൽ ചേർത്തും മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുക."*

9) When the Note for the Council of Ministers was submitted to the the Chief Secretary, the Chief Secretary ordered as follows:-

'കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ മൃഗംരക്ഷണ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന് 20/4/2005-ലെ സ.ഉ (സാധാ) നം. 624/2005/എ.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ പുതുതായി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതില്ലെന്ന ഭരണ വകുപ്പിന്റെ അഭിപ്രായത്തിൻമേലും, ജീവനക്കാരെ പുനർവിന്യസിക്കുന്ന കാര്യത്തിൽ തത്വത്തിൽ തീരുമാനമെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഒരിക്കൽ കൂടി ലഭ്യമാക്കി മന്ത്രിസഭാകുറിപ്പ് പുതുക്കി സമർപ്പിക്കുക.'

10) When the file was forwarded to the Finance Department on the basis of the above Order of the Chief Secretary, the said Department remarked its opinion as follows:-:-

*'കാസറഗോഡ് ജില്ലയിലെ നീലേശ്വരം മൃഗാശുപത്രി വളപ്പിൽ മന്ത്രിസഭാ തീരുമാനത്തിനു വിധേയമായി മൃഗസംരക്ഷണ പരിശീലന കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതിനും ടി സ്ഥാപനത്തിലേയ്ക്കായി ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുമുള്ള അനുമതിയാണ് മുൻ റിമാർക്കിലൂടെ ധനവകുപ്പ് രേഖപ്പെടുത്തിയിരുന്നത് . അപ്രകാരം അനുയോജ്യ രീതിയിൽ കുറിപ്പുകൾ തയ്യാറാക്കി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു ."*

11) Accordingly, these revised notes are submitted for placing the matter before the Cabinet, as ordered by the Hon'ble Chief Minister, for a decision as to whether permission would be granted to start a new LMTC in the premises of the Government Veterinary Hospital, Neeleswaram, Kasaragod and to redeploy the necessary staff as the table provided by Finance Department at para 7 of this Note.

# POINT FOR DECISION

Whether permission ~~would~~ may be given to start a new Livestock Management Training Centre (LMTC) within the premises of the Nileshwaram Veterinary Hospital in Kasaragod district, and for the redeployment of staff from the Kasaragod R.A.H.C to the said Nileshwaram LMTC, as mentioned in the table in paragraph 7 of this revised note?